# ദൈവത്തിന്റെ കോപം

## സങ്കീർത്തനം 30:5

**"അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളു; അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളതു."**

ലോകമാകമാനം നോക്കിയാൽ ഏതൊരു മതവും അതിനെ അനുഗമിക്കുന്നവരെ പഠിപ്പിക്കുന്ന പൊതു തത്വം എന്നത് ദൈവം എന്നത് തങ്ങളുടെ ജീവിതത്തിൽ നല്ല കാര്യങ്ങൾ ചെയ്യുന്നതിനും, നല്ല സമയങ്ങളെ നൽകുന്നതിനും മാത്രമുള്ളതാണ് എന്നാണ്. മറിച്ചായാൽ ദൈവം അവർക്ക് നല്ലവനല്ല. എന്നാൽ, ഇന്ന് നല്ലൊരു ശതമാനം ക്രിസ്തീയ വിശ്വാസികളും ഈ ഒരവസ്ഥയിലാണ് എന്നതാണ് വാസ്തവം. കാരണം കരുണയും, കൃപയും, ദീർഘക്ഷമയും, മഹാദയയുമുള്ള ദൈവത്തെ നമുക്കെല്ലാവർക്കും വളരെ ഇഷ്ടമാണ്. എന്നാൽ കോപിക്കുന്നൊരു ദൈവത്തെ നാം ആരും ഒരുനാളും ഇഷ്ടപ്പെടുന്നില്ല. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ദൈവം കോപിക്കുന്നു. എന്നാൽ അവന്റെ കോപത്തിന് ചില പ്രത്യേകതകൾ ഉണ്ട്. അത്, അവൻ എന്നേക്കും കോപം സംഗ്രഹിക്കുകയില്ല എന്നതും അവന്റെ കോപം ക്ഷണനേരത്തേക്ക് മാത്രമായിട്ടുള്ളതും അത്രേ. അതേസമയം ദൈവത്തിന്റെ കോപം നാം ഇഷ്ടപ്പെടുന്നില്ല എന്നത് ഒരു വസ്തുതയായിട്ട് നിൽക്കുമ്പോൾ തന്നെയും അവന്റെ കോപത്തിന്റെ കാരണം നാം ഓരോരുത്തരുമാണെന്നത് മറച്ചുകൂടാൻ കഴിയാത്ത ഒരു സത്യാവസ്തയാണ്.

പ്രിയരേ, യേശു ക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ കോപത്തിന്റെ വികാരപരമായ ഇടപെടലുകൾ ഉണ്ടായ പല സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അത് അവൻ പാപികളെ സ്നേഹിക്കുക വഴി വെളിവായ് വന്നു, എന്നാൽ കപടഭക്തിക്കാരെ അവൻ വെറുത്തിരുന്നു. കാപട്യങ്ങളുടെ മുഖം മൂടി അണിഞ്ഞ് നടന്നിരുന്നവരെ കർത്താവ് വിളിച്ചിരുന്നത് കുരുടന്മാരായ വഴികാട്ടികൾ, കിണ്ടി കിണ്ണങ്ങളുടെ പുറം മാത്രം വെടിപ്പാക്കുന്നവർ, വെള്ളതേച്ച ശവക്കല്ലറകൾ എന്നിങ്ങനെയാണ്. ഭക്തിയുടെ വേഷം ധരിച്ച് ദൈവശബ്ദം ത്യജിക്കുന്ന കപടഭക്തിക്കാരോടും കർത്താവ് കോപം വെച്ചു പുലർത്തുക തന്നെ ചെയ്യും. സ്വന്തം തെറ്റുകളെ മറച്ചു കൊണ്ട് മറ്റുള്ളവരിലെ തെറ്റുകളെ ചൂണ്ടിക്കാട്ടുകയും അതിനെ പിന്നീട് പരസ്യമാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവർ കപടഭക്തിക്കാരുടെ കൂട്ടത്തിൽ പെടുന്നവരത്രേ. ചില വിശ്വാസികൾ അവർ ചെയ്യുന്നതിൽ നിന്നും വിഭിന്നമായ വേറെ പാപങ്ങൾ ചെയ്യുന്ന മറ്റു വിശ്വാസികളുടെ നേരെ വളരെ ക്ഷുഭിതരാകുന്നു. ഇതൊരു കപടഭക്തിയുടെ പ്രകടനമാണ്, അതിനാൽ നാം ആരും ചതിക്കപ്പെട്ടു കൂടാ.

വിശുദ്ധ വചനത്തിൽ ചിലയിടങ്ങളിൽ കർത്താവ് കോപിച്ചതായി പറഞ്ഞുവെയ്ക്കുന്നു. പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടേണ്ടിയ ദേവാലയത്തെ വാണിഭശാല ആക്കിയപ്പോൾ, കള്ളന്മാരുടെ ഗുഹയാക്കി മാറ്റിയപ്പോൾ കർത്താവ് കോപിച്ചു. മറ്റൊരവസരത്തിൽ കഫർന്നഹൂമിലെ പള്ളിയിൽ വെച്ച് വരണ്ട കൈയ്യുള്ള മനുഷ്യനെ ശബ്ബത്ത് ദിവസത്തിൽ സൗഖ്യമാക്കും വേളയിൽ അവിടെയുണ്ടായിരുന്ന പരീശന്മാരുടെ ഹൃദയകാഠിന്യം നിമിത്തം കർത്താവ് കോപിക്കുകയുണ്ടായി. എന്നാൽ അത്, ഒരു വ്യക്തിയോടോ ഒരു സമൂഹത്തോടോ ഉള്ള ഇഷ്ടക്കേടിന്റെ പ്രതിഫലനമല്ലായിരുന്നു. മറിച്ച് അവർ വെച്ചുപുലർത്തിയിരുന്ന പാപപ്രവൃത്തികളത്രേ കർത്താവിന്റെ കോപത്തിന് അവർ ഇരകളായി തീരുവാൻ ഇടയായത്. കർത്താവിന്റെ കോപത്തിന്റെ പ്രത്യേകത അവൻ ഒരിക്കലും നിയന്ത്രണം വിട്ട് കോപിച്ചിരുന്നില്ല എന്നതാണ്. കാരണം കർത്താവിന്റെ വികാരങ്ങളല്ലായിരുന്നു അവനെ നിയന്ത്രിച്ചിരുന്നത്, മറിച്ച് കർത്താവ് തന്റെ വികാരങ്ങളെ നിയന്ത്രിക്കുകയായിരുന്നു.

പ്രിയ ദൈവപൈതലേ, ഒരു നിമിഷത്തേക്കായിട്ടു പോലും കർത്താവിന്റെ കോപത്തിന് നാം ആരും ഇരകളായിത്തീരരുത്. കർത്താവിന് ഇഷ്ടമല്ലാത്തത് നമുക്കും അങ്ങനെ തന്നെ ആയിരിക്കട്ടെ. നാം അവന്റെ ഇഷ്ട പ്രകാരം ജീവിക്കുന്നു എങ്കിൽ കർത്താവിന്റെ കോപമല്ല പിന്നെയോ ജീവപര്യന്തം നിലനിൽക്കുന്ന അവന്റെ പ്രസാദമായിരിക്കും നാം ഏറ്റുവാങ്ങുക. നമ്മുടെ കർത്താവ് ദീർഘക്ഷമയുള്ളവൻ ആയതുകൊണ്ടത്രേ നമ്മിലെ തെറ്റുകളെ തിറ്റുത്തുവാൻ ഒരവസരം കൂടി അവൻ ഇന്ന് നമുക്ക് തന്നത് . ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

സങ്കീർത്തനം 103:8–9

യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നേ. അവൻ എല്ലായ്പോഴും ഭർസിക്കയില്ല; എന്നേക്കും കോപം സംഗ്രഹിക്കയുമില്ല.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 176**